**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2479** **04-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ കോവിഡ് ആരംഭിക്കുന്നതിന് മുൻപ് വരെയുള്ള കാലയളവിൽ ചിട്ടി രജിസ്ട്രേഷൻ നടപടികളുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റും പോലീസും കണ്ടെത്തിയ ക്രമക്കേടുകളിൽ പിഴചുമത്തപ്പെട്ട കെ.എസ്.എഫ്.ഇ. സ്ഥാപനങ്ങൾ ഏതെല്ലാം; ചുമത്തപ്പെട്ട പിഴകളിലും മറ്റു ശിക്ഷാ നടപടികളിലും നിന്ന് പ്രസ്തുത സ്ഥാപനങ്ങളിൽ ഏതിനെയെങ്കിലും ഒഴിവാക്കുകയോ ഇളവുകൾ എന്തെങ്കിലും അനുവദിക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തിരുവല്ല, കടമ്പനാട്, ഏനാത്ത്, പത്തനംതിട്ട-II, ചിറ്റാർ, കുളനട, റാന്നി -പെരുനാട്, വെച്ചൂച്ചിറ, കടയ്ക്കൽ, ശാസ്താംകോട്ട, ഏഴുകോൺ, പട്ടാഴി, മൈനാഗപ്പള്ളി, കരവാളൂർ, പൂയപ്പള്ളി, കുറ്റിയാടി, മാനന്തവാടി, മുള്ളൻകുന്ന്, പനമരം, കണ്ണൂർ-1, പയ്യാവൂർ എന്നിവയാണ് പിഴചുമത്തപ്പെട്ട കെ.എസ്.എഫ്.ഇ. സ്ഥാപനങ്ങൾ. പ്രസ്തുത സ്ഥാപനങ്ങൾക്ക് ഇളവുകൾ അനുവദിച്ചിട്ടില്ല.<br>2016 മുതൽ കോവിഡ് ആരംഭിക്കുന്നതിന് മുൻപ് വരെയുള്ള കാലയളവിൽ കെ.എസ്.എഫ്.ഇ യ്ക്ക് ചുമത്തിയ തുക = ₹33,56,938/-<br>കെ.എസ്.എഫ്.ഇ അടച്ച തുക = ₹32,18,938/- ആണ്. |
| (ബി) | അപ്രകാരം ഇളവുകളും ഒഴിവാക്കലുകളും അനുവദിച്ച് ഉത്തരവുകൾ നൽകിയത് ആരെന്നും ഇളവിനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും; പ്രസ്തുത കാലയളവിൽ പിഴയായി എത്ര തുക കെ. എസ്.എഫ്. ഇ യ്ക്ക് ചുമത്തിയെന്നും ഇതിൽ എത്ര തുക കെ.എസ്.എഫ്.ഇ നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | തിരുവല്ല, കടമ്പനാട്, ഏനാത്ത്, പത്തനംതിട്ട-II, ചിറ്റാർ, കുളനട, റാന്നി -പെരുനാട്, വെച്ചൂച്ചിറ, കടയ്ക്കൽ, ശാസ്താംകോട്ട, ഏഴുകോൺ, പട്ടാഴി, മൈനാഗപ്പള്ളി, കരവാളൂർ, പൂയപ്പള്ളി, കുറ്റിയാടി, മാനന്തവാടി, മുള്ളൻകുന്ന്, പനമരം, കണ്ണൂർ-1, പയ്യാവൂർ എന്നിവയാണ് പിഴചുമത്തപ്പെട്ട കെ.എസ്.എഫ്.ഇ. സ്ഥാപനങ്ങൾ. പ്രസ്തുത സ്ഥാപനങ്ങൾക്ക് ഇളവുകൾ അനുവദിച്ചിട്ടില്ല.<br>2016 മുതൽ കോവിഡ് ആരംഭിക്കുന്നതിന് മുൻപ് വരെയുള്ള കാലയളവിൽ കെ.എസ്.എഫ്.ഇ യ്ക്ക് ചുമത്തിയ തുക = ₹33,56,938/-<br>കെ.എസ്.എഫ്.ഇ അടച്ച തുക = ₹32,18,938/- ആണ്. |
| (സി) | കെ. എസ്.എഫ്.ഇ യ്ക്ക് ബാലൻസ് ഷീറ്റുകൾ യഥാസമയം ഓഡിറ്റ് ചെയ്തു നൽകുന്നതിനോ ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് രസീത് മടക്കി നൽകുന്നതിനോ രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് തടസ്സം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നടപടികൾ തിരുത്തുന്നതിന് ആവശ്യമായ | (സി) | ചിട്ടി നിയമങ്ങൾ പാലിച്ച് കെ.എസ്.എഫ്.ഇ യുടെ അപേക്ഷകളിന്മേൽ ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്ട്രേഷൻ വകുപ്പ് കൃത്യമായി മടക്കി നൽകി വരുന്നു. |

| | | | |
|---|---|---|---|
| | നിർദ്ദേശം രജിസ്റ്റർ ഓഫീസുകൾക്ക് നൽകിയിട്ടുണ്ടോ; അറിയിക്കുമോ; | | |
| (ഡി) | ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതിന് കെ. എസ്.എഫ്.ഇ. യ്ക്ക് രജിസ്റ്റർ ഓഫീസിൽ മുൻഗണന നൽകുന്നതിനും മിനിട്സ് ഫയലിംഗ് ഉൾപ്പെടെയുള്ള നടപടികൾ ഓൺലൈൻ ആക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ; | (ഡി) | ചിട്ടി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ രജിസ്ട്രേഷൻ വകുപ്പിൽ സ്വീകരിച്ചുവരുന്നു. |
| (ഇ) | കെ.എസ്.എഫ്.ഇ. എത്ര രൂപ വീതം ഏതെല്ലാം ബാങ്കുകളിൽ നിന്ന് എതെല്ലാം തീയതികളിൽ വായ്പ എടുത്തിട്ടുണ്ടെന്നും എത്ര ശതമാനം പലിശ നിരക്കിൽ എന്താവശ്യങ്ങൾക്കായിട്ടാണ് വായ്പ എടുത്തതെന്നും വ്യക്തമാക്കുമോ; | (ഇ) | നിലവിൽ ഉള്ള വായ്പകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് വായ്പയായി കെ.എസ്.എഫ്.ഇ 03.03.2018 ൽ നല്കിയ 7.5 കോടി രൂപയും അതിന്റെ പലിശയിനത്തിലുമായി എത്ര രൂപ തിരിച്ച ലഭിക്കാനുണ്ടെന്നും ഇതിൽ എത്ര രൂപ തിരിച്ച് ലഭിച്ചുവെന്നും അറിയിക്കുമോ; വായ്പയും കുടിശ്ശികയും തിരിച്ച പിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; | (എഫ്) | കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് വായ്പയായി കെ.എസ്.എഫ്.ഇ 03.03.2018 ൽ നല്കിയ വായ്പത്തുക 7.50 കോടി രൂപയും, 4% വാർഷിക പലിശ നിരക്കിൽ 03/03/2018 മുതൽ ഇന്നു വരെയുള്ള പലിശയും ലഭിക്കാനുണ്ട്. നാളിതു വരെയായി പലിശയും മുതലും തിരികെ ലഭിച്ചിട്ടില്ല. പ്രസ്തുത തുക തിരിച്ച ലഭിക്കുന്നതിനുവേണ്ടി നോട്ടീസ് അയച്ചിട്ടുണ്ട്. |
| (ജി) | കെ.എസ്.എഫ്.ഇ. എത്ര രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്; ഇതിന് എത്ര ശതമാനം വരെയാണ് പലിശ നിരക്ക്; അറിയിക്കുമോ? | (ജി) | (see table below) |

| നിക്ഷേപം | രൂപ (കോടിയിൽ) | പലിശ നിരക്ക് (%) |
|---|---|---|
| ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് | 4287.11 | 7.50 |
| മറ്റ് ട്രഷറി നിക്ഷേപം | 4018.45 | 7.50 |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ബാങ്ക് | രൂപ (കോടിയിൽ) | ലോൺ എടുത്ത/ പുതുക്കിയ തീയതി | പലിശ നിരക്ക് (%) | ആവശ്യം |
|---|---|---|---|---|
| ധനലക്ഷ്മി ബാങ്ക് | 150 | 31/12/2024 | 8.90 | ഇന്റർ കോർപ്പറേറ്റ് ലോൺ നല്കുന്നതിനു വേണ്ടി |
| ഫെഡറൽ ബാങ്ക് | 200 | 18/02/2025 | 8.85 | |
| കാനറാ ബാങ്ക് | 500 | 01/06/2024 | 9.05 | |
| | 250 | 30/12/2024 | 9.20 | |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 120 | 01/08/2024 | 9.15 | |
| | 300 | 07/08/2024 | 9.15 | |
| ഇന്ത്യൻ ഓവർസിസ് ബാങ്ക് | 300 | 20/08/2024 | 9.00 | |
| | 50 | 20/08/2024 | 9.00 | |
| സൗത്ത് ഇന്ത്യൻ ബാങ്ക് | 200 | 27/12/2024 | 8.52 | |
| | 100 | 17/12/2024 | 8.52 | |
| ബാങ്ക് ഓഫ് മഹാരാഷ്ട്ര | 250 | 30/09/2024 | 9.00 | |
| | 500 | 30/09/2024 | 9.00 | |
| ഇന്ത്യൻ ഓവർസീസ് ബാങ്ക് | 150 | 20/08/2024 | 9.00 | ഉയർന്ന നിരക്കിൽ നിക്ഷേപിക്കുന്നതിനു വേണ്ടി |
| സൗത്ത് ഇന്ത്യൻ ബാങ്ക് | 167.14 | | 8.52 | കമ്പനിയുടെ ദൈനംദിന ബിസിനസ്സ് ആവശ്യത്തിനു വേണ്ടി |
| ഫെഡറൽ ബാങ്ക് | 37.50 | | 8.85 | |
| ബാങ്ക് ഓഫ് മഹാരാഷ്ട്ര | 50 | 25/02/2025 | 9.15 | |

സെക്ഷൻ ഓഫീസർ